# പ്രതിരോധത്തിന്റെ സൗന്ദര്യവഴികൾ

എഡിറ്റർ: റ്റോജി വർഗീസ് റ്റി.



സുധാകരൻ ചന്തവിളക്കവിതകളെ
ആധാരമാക്കിയുള്ള പഠനഗ്രന്ഥം

# പ്രതിരോധത്തിന്റെ സൗന്ദര്യവഴികൾ

റ്റോജി വർഗീസ് റ്റി.

ഒരുമ
പബ്ലിക്കേഷൻസ്
തിരുവനന്തപുരം

Malayalam Language
**Pradhirodhathinte Soundharyavazhikal**
(studies)
Editor
Toji Varghese T.

First Published
May 2017

Publishers:
Oruma Publications
Thiruvananthapuram
Pin - 695 584
Phone : 9496259473

Printing:
Santhigiri Mudranalayam,
Thiruvananthapuram
Cover : Rahman Chottur

Price: ₹. 200. 00

All rights reserved. No part of this publication may be reproduced or utilized in any form or by any means, without the prior written permission of the publisher.

ISBN 978-93-84329-42-6
O P /8/2017/C-500

# താളുകളിൽ


കവിതയിലെ കലാപക്കടുന്തുടി 9
റ്റോജി വർഗ്ഗീസ് റ്റി.
ചന്തവിളയുടെ കവികൾ: ചില വിമർശനസൂചനകൾ 14
ഡോ. ഡി. ബഞ്ചമിൻ
പരുഷവും അകാല്പനികവുമായ കവിതകൾ 20
ഡോ. പ്രസന്നരാജൻ
പ്രണയത്തിന്റെ നാനാർത്ഥങ്ങൾ 24
പ്രൊഫ. വിശ്വമംഗലം സുന്ദരേശൻ
വാക്കുകളും വരികളുംകൊണ്ട് സാമൂഹിക
പ്രശ്നങ്ങൾ അവതരിപ്പിക്കുന്ന കവി 30
ഡോ. എം. എ. കരീം
'ഗോവിന്ദ'ത്തിലേക്കുള്ള വഴികൾ 36
ഡോ. ആർ. എസ്. രാജീവ്
ശ്യാമരാശിയിൽ പിറന്ന കവിതകൾ 40
ഡോ. എം. എൻ. രാജൻ
ബോധബുദ്ധന്റെ വചനങ്ങൾ 55
ഡോ. ആർ. ചന്ദ്രബോസ്
ഉയിർപ്പിന്റെയും പാരുഷ്യത്തിന്റെയും കവിതകൾ 63
ഡോ. മുഞ്ഞിനാട് പത്മകുമാർ
ജീവിതച്ചന്തയിൽ വിളയുന്ന കവിതകൾ 69
ഡോ. ആർ. രാജേഷ്
പ്രതിരോധത്തിന്റെ പാഠങ്ങൾ 73
ഡോ. എം. എസ്. പോൾ
പേന, വാക്ക്, പുസ്തകം:
അർത്ഥധ്വനിയുടെ അബോധസഞ്ചാരങ്ങൾ 77
ഡോ. ജോബിൻ ചാമക്കാല

# പേന, വാക്ക്, പുസ്തകം: അർത്ഥധ്വനി യുടെ അബോധസഞ്ചാരങ്ങൾ

ഡോ. ജോബിൻ ചാമക്കാല

സുധാകരൻ ചന്തവിളയുടെ കവിതകൾ വർണപരമായി കറുപ്പിനെ ആശ്ലേഷിക്കുന്നു. ഉപേക്ഷിക്കപ്പെട്ടവയോട് അവ പക്ഷം ചേരുന്നു. ബഹിഷ്കൃതന്റെയും അധ:കൃതന്റെയും എണ്ണമറ്റ ലോകാന്തരങ്ങളിലേക്ക് കവിതയുടെ വെളിച്ചവുമായി കടന്നുചെല്ലുന്നു. നിർവചനങ്ങൾക്കും വാർപ്പുമാതൃകകൾക്കും വെളിയിൽ ലാവണ്യാനുഭവത്തിന്റെ വ്യക്തിപരവും വ്യതിരിക്തവുമായ മാനങ്ങൾ അനുഭവവേദ്യമാക്കുവാൻ സമകാലിക കവിതകൾ പലപ്പോഴും വളരെ ബോധപൂർവ്വം പരിശ്രമിക്കുന്നുണ്ട്. കവിതയുടെ, പുതിയ കാലത്തിന്റെ ഈ പൊതുസ്വഭാവത്തെ സുധാകരനും തനിക്കുതകും വിധം സ്വകീയമാക്കുന്നു. കവിത, പുസ്തകം, വാക്ക്, പേന, തുടങ്ങിയ രൂപകങ്ങൾ സുധാകരന്റെ കവിതയിൽ പലപ്പോഴും ആവർത്തിക്കുന്നതായി കാണാം. കവിയെന്ന നിലയിൽ താൻ അനുഭവിക്കുന്ന ആത്മവ്യഥയുടെ അർത്ഥാന്തരങ്ങൾ, കവിതയുടെ രചനയ്ക്കുപിന്നിലുള്ള ധ്യാനാത്മകമായ യാതനാപർവ്വത്തിന്റെ ഓർമ്മക്കുറിപ്പുകളായി ഇവയെ കരുതാം. ആത്മസ്പർശമുള്ള ഈ ആഖ്യാനങ്ങൾ കവിതയുടെ സാധനാപാതയിലേക്കുള്ള വിരൽചൂണ്ടലുകളാണ്.

എഴുത്ത് എന്ന പ്രക്രിയ നേരിടുന്ന പ്രതിസന്ധികളെ, പ്രാതികൂല്യങ്ങളെ പേന എന്ന കവിത വിശകലനം ചെയ്യുന്നു. എഴുതിക്കൊണ്ടിരിക്കുമ്പോൾ പേനയെക്കുറിച്ച് ആരും ചിന്തിക്കാറില്ല. മഷിയില്ലാത്തപ്പോഴും വശപ്പെടാത്തപ്പോഴും 'പേന' ശാപത്തിന്റെ ശനിയാഴ്ചയായി അവതരിക്കുന്നു. എഴുത്തിനേക്കാൾ എഴുത്ത്

# പ്രതിരോധത്തിന്റെ സൗന്ദര്യവഴികൾ

**സുധാകരൻ ചന്തവിളക്കവിതകളെ ആധാരമാക്കിയുള്ള പഠനഗ്രന്ഥം**



എഡിറ്റർ: റ്റോജി വർഗീസ് റ്റി.

**വേ**ദനിക്കുന്ന വർത്തമാനത്തെ കറയറ്റ വാക്കിന്റെ തെളിനീരുകൊണ്ട് സ്നാനപ്പെടുത്തുന്ന സമകാലികകവികളിൽ ശ്രദ്ധേയനാണ് സുധാകരൻ ചന്തവിള. അലങ്കാരങ്ങളുടെ തൊങ്ങലോ അതിശയോക്തിയുടെ ചമയങ്ങളോ ഇല്ലാതെ നിത്യജീവിതത്തിലെ സാധാരണ ദൃശ്യങ്ങളിലൂടെ അനിതരസാധാരണമായ ഉൾക്കാഴ്ച പകർന്നുതരുന്ന സുധാകരൻ ചന്തവിളയുടെ കവിതകൾ, എഴുത്ത് വിശുദ്ധമായ ഒരു കർമ്മമാണെന്ന് നമ്മെ ഓർമ്മിപ്പിക്കുന്നു. ജീവിതത്തെ ജീവിതയോഗ്യമല്ലാതാക്കുന്ന എല്ലാ വ്യവസ്ഥിതിവിശേഷങ്ങളോടും അതു സമരപ്രഖ്യാപനം നടത്തുന്നു. താൻ ജീവവായു ഉൾക്കൊള്ളുന്ന സമൂഹത്തിന്റെ ദുരിതങ്ങൾ ഏറ്റുവാങ്ങി പൊട്ടിത്തെറിയുടെ അകമ്പടിയില്ലാതെ പ്രതിരോധിക്കാൻ കവിതയെ ആയുധമാക്കുന്ന സൗവർണ്ണപ്രതിപക്ഷനിരയിലാണ് ഈ കവിയുടെ ഇരിപ്പിടം. പ്രതിരോധത്തിന്റെ സൗന്ദര്യമുയർത്തുന്ന ചിന്തയുടെ ശക്തിയാണ് ഓരോ വരിയും വെളിപ്പെടുത്തുന്നത്. അതിന്റെ ആന്തരസ്വത്വം മാനവികതയുടെതായതുകൊണ്ടുതന്നെ സർവ്വരോഷങ്ങൾക്കിടയിലും അത് സ്നേഹാർദ്രമാകുന്നു. നീതിബോധത്തിന്റെയും സൗന്ദര്യബോധത്തിന്റെയും സമഞ്ജസമേളനമായ വരികളിലൂടെ ഭാഷയെയും പ്രേക്ഷണത്തെയും നിരന്തരം നവീകരിക്കുകയും സമൂഹത്തെ സൂക്ഷ്മമായ ബോധപരിണാമത്തിന് വിധേയമാക്കുകയും ചെയ്യുന്ന സുധാകരൻ ചന്തവിളയുടെ കാവ്യസപര്യയെ വിശദപഠനത്തിന് വിധേയമാക്കുന്നു ഈ ഗ്രന്ഥം.

റ്റോജി വർഗീസ് റ്റി.

പഠനം

വില : 200/- രൂപ

ISBN 978-93-84329-42-6

ഒരുമ
പബ്ലിക്കേഷൻസ്
തിരുവനന്തപുരം